**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **07-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 മൂലം തകർന്ന ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇതുമൂലം വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയ്ക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണനപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. കോവിഡ് ഒന്നാം തരംഗത്തിന് ശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി. ചെയ്ഞ്ച് ഓഫ് എയർ എന്ന തീമിനെ അടി സ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും, പ്രിന്റ് മീഡിയകളിലൂടെയും, |

| | | | |
|---|---|---|---|
| | | | സമൂഹ മാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ 1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി.ചാനൽ 2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ്ചാനൽസ്. 3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി 4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ 5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ . ടാക്ടിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി കേരളം കാണാം എന്ന ക്യാമ്പയിൻ സമൂഹ മാധ്യമങ്ങൾ മുഖേന ആവിഷ്കരിച്ച നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർചൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹമാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തി വരികയാണ്. ഇത് കൂടാതെ നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ടൂറിസം മേഖലയിൽ പ്രഖ്യാപിച്ച റിവോൾവിംഗ് ഫണ്ട് സ്കീം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയ്ക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ